**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 658** **17-09-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ പദ്ധതികളിൽ പ്രാദേശിക തൊഴിലാളികൾക്ക് തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന വ്യവസായ പദ്ധതികളിൽ പ്രാദേശിക തൊഴിലാളികൾക്ക് പ്രാധാന്യമുള്ള തൊഴിൽ സൃഷ്ടിക്കുന്നതിൽ സർക്കാർ നൽകുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് പ്രാദേശിക തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. സംരംഭക സഹായ പദ്ധതി.<br><br>2. ഒരു കുടുംബം ഒരു സംരംഭം പദ്ധതി<br><br>3. നാനോ/ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി<br><br>4. നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി<br><br>5. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി.<br><br>6. ബാംബൂ മേഖലയിലെ തൊഴിലാളികൾക്കുള്ള ധനസഹായം.<br><br>7. മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം.<br><br>8. കരകൗശല തൊഴിലാളികൾക്ക് ധനസഹായം.<br><br>9. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്കുള്ള സർക്കാർ ഓഹരിപങ്കാളിത്തം<br><br>10. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി. |

| | | | |
|---|---|---|---|
| | | | 11. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണിവായ്പ.<br><br>12. യുവ വീവ് പദ്ധതി<br><br>13. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി.<br><br>14. കൈത്തറി ഗ്രാമത്തിന്റെയും സമഗ്ര കൈത്തറി ഗ്രാമത്തിന്റേയും രൂപീകരണം.<br><br>15. അംശദാന സമ്പാദ്യ പദ്ധതി.<br><br>16. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.<br><br>17. കൈത്തറി ഉത്പന്ന വിപണനവും കയറ്റുമതിയും പ്രോത്സാഹന പദ്ധതി<br><br>18. കൈത്തറി സംഘങ്ങളുടെ ആധുനികവത്ക്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും.<br><br>19. പരിശീലന-വൈദഗ്ധ്യ വികസന പരിപാടി.<br><br>20. നാട്ടുകാണി - ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കൽ.<br><br>21. കാഞ്ഞിരോട് കൈത്തറി ഗ്രാമം / ഹാൻഡ്‌ലൂം വില്ലേജ്<br><br>22. നാഷണൽ കൈത്തറി വികസന പദ്ധതി.<br><br>23. കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി<br><br>24. പ്രീമിയം ഉൽപ്പന്നങ്ങൾക്കുള്ള ഉൽപ്പന്ന വികസന സഹായം.<br><br>25. ഹാന്റക്സ് പുനരുജ്ജീവന പാക്കേജ്.<br><br>26. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി.<br><br>കൂടാതെ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വഴി നടപ്പിലാക്കി വരുന്ന പ്രത്യേക തൊഴിൽദായക പദ്ധതിയായ എന്റെ ഗ്രാമം പദ്ധതിയിലൂടെ പ്രാദേശിക തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ